**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1295** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>പുനലൂർ നിയോജകമണ്ഡലത്തിലെ കായിക പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** പുനലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 'പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി പ്രകാരം ഏതെല്ലാം കളിസ്ഥലങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്തെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** പുനലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 'പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി പ്രകാരം അനുവദിച്ച പ്രവർത്തിയും ആയതിന്റെ വിശദാംശവും ചുവടെ ചേർക്കുന്നു.

<u>അഞ്ചൽ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിന്റെ നവീകരണ പ്രവൃത്തി</u>

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി പുനലൂർ നിയോജക മണ്ഡലത്തിൽ അഞ്ചൽ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിന്റെ നവീകരണ പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 04.09.2024 ൽ നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 30.09.2024 തീയതിയിൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സന്തോഷ് കുമാർ എസ്. എസ്, എന്ന കരാറുകാരന് 15.11.2024 ൽ പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുകയും 26.11.2024 ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും, 02.12.2024 ൽ കരാറുകാരന് സൈറ്റ് കൈമാറി നൽകുകയും പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയം ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സ്ഥലത്ത് മാലിന്യങ്ങളും, പ്ലാസ്റ്റിക്കും ഡമ്പ് ചെയ്തിരുന്നതിനാൽ പ്രവൃത്തി ചെയ്യാൻ സാധിച്ചിരുന്നില്ല. മാലിന്യം നീക്കം ചെയ്തുതരണമെന്ന് പഞ്ചായത്തിനെ അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അധികൃതർ പ്രസ്തുത മാലിന്യം നീക്കം ചെയ്തതിനുശേഷം 13.10.2025 ൽ പ്രവൃത്തി പുനരാരംഭിച്ചു.

റീറ്റൈയിനിംഗ് വാൾ, ഡ്രെയിൻ, ഫെൻസിംഗ്, മൾട്ടി മഡ് കോർട്ട്, ഇലക്ട്രിക്കൽ എന്നീ ഘടകങ്ങളാണ് പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 40% പ്രവൃത്തികൾ പൂർത്തീകരിച്ചു. 2026-ൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(ബി)** കായിക മേഖലയുടെ വികസനത്തിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ

എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

**മറുപടി:** കായിക മേഖലയുടെ വികസനത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്, പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**